ശ്രീമതി കെ. ആർ. ഗൗരി : കഴിഞ്ഞ അസംബ്ലിയിൽ 15 ശതമാനം കുറയുമെന്നുള്ളതു് ഉപേക്ഷിക്കാമെന്നു് പറഞ്ഞതനുസരിച്ചു് നടപടി എടുക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനെപ്പറ്റി ആലോചനയിൽ നടത്തിക്കൊണ്ടിരിക്കുകയാണു്. ഇൻഡ്യാഗവണ്മെൻറിന്റെ കൂടി സമ്മതം അതിനാവശ്യമാണു്.

ശ്രീ. ടി. കെ. ദിവാകരൻ : ഈ കമ്മിറ്റിയിലെ പിരിയാഡിക്കൽ സ്റ്റേറ്റുമെൻറ് അയയ്ക്കുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ടു്. മൂന്നു മാസത്തിലൊരിക്കൽ അങ്ങനെ അയയ്ക്കണമെന്നുണ്ടു്.

ശ്രീ. ടി. കെ ദിവാകരൻ : ഡവലപ്പുമെൻറ് വർക്കുകൾ നടത്തുന്നതിനുള്ള സാംക്ഷൻ പിട്ടാൻ കാലതാമസം വരുന്നുണ്ടെന്നുള്ള കാര്യം ഗവണ്മെൻറിനറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു പരിഹരിക്കുന്നായിട്ടു് ഇപ്പോൾ കൂടുതലായി എക്സിക്യൂട്ടീവു് എൻജിനീയറന്മാരേയും അസിസ്റ്റൻറ് എൻജിനീയറന്മാരെയും മറ്റും നിയമിച്ചിട്ടുണ്ടു്. പതിനായിരം രൂപവരെയുള്ള വർക്കുകൾ എക്സിക്യൂട്ടീവു് എൻജിനീയർക്കു് അനുവാദം നൽകാനുള്ള അധികാരം ഉണ്ടു്.

പഞ്ചായത്തു വീട്ടുകരം.

* 483. [15] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തുള്ള എല്ലാ പഞ്ചായത്തുകളിലും ഇതിനകം വീട്ടുകരം ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ടോ;

(ബി) ഇല്ലായെങ്കിൽ ഏതു പഞ്ചായത്തുകളിൽ ഇനിയും വീട്ടുകരം ഏർപ്പെടുത്തേണ്ടതായിട്ടുണ്ടു് ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) എല്ലാ പഞ്ചായത്തുകളിലും വീട്ടുകരം ഏർപ്പെടുത്തിക്കഴിഞ്ഞിട്ടില്ല.

(ബി) കൊല്ലം ഡിസ്ട്രിക്ടിൽ പന്ത്രണ്ടും, കോട്ടയം ഡിസ്ട്രിക്ടിൽ മൂന്നും പഞ്ചായത്തുകളിൽ ഇനിയും വീട്ടുകരം ഏർപ്പെടുത്തേണ്ടതായിട്ടുണ്ടു്.

ശ്രീ. എൻ. ജി. ചാക്കോ : വീട്ടുകരത്തിൽ നിന്നും ഹാർസിനെ (കുടിലുകരം) ഒഴിവാക്കിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഒഴിവാക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ടു്.

ശ്രീ. എൻ. ജി. ചാക്കോ : എന്നാണു് നിർദ്ദേശം കൊടുത്തതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കഴിഞ്ഞ ഒക്ടോബർ മാസത്തിലാണെന്നാണു് എന്റെ ഓർമ്മ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ജി. ചാക്കൊ : കുറെ പഞ്ചായത്തുകൾ ഇതുവരെ വീട്ടുകരം ഈടാക്കിയിട്ടില്ലെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അറിയാം. പഞ്ചായത്തുമെംബറന്മാരും പ്രസിഡൻറന്മാരും സ്ഥലത്തില്ല് അതുകൊണ്ട് പാപ്പപ്പലർ ആകുമെന്ന ഭയന്നിട്ടാണ് മടി കാണിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. എൻ. ജി. ചാക്കൊ : അടുത്ത പഞ്ചായത്ത് എലക്ഷന മുമ്പെങ്കിലും വീട്ടുകരം ഈടാക്കാൻ നിർദ്ദേശം നൽകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : നിർദ്ദേശം നൽകിയിട്ടുണ്ട്. ഇനിയും നൽകാം.

ശ്രീ. എൻ. ജി. ചാക്കൊ : അടുത്ത പഞ്ചായത്ത് എലക്ഷൻ എന്നാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ : മിക്കവാറും അടുത്ത ജൂൺ-ജൂലൈ മാസങ്ങളിലായിരിക്കും.

ശ്രീ. പി. എസ്സ്. വാസുദേവൻപിള്ള : പഞ്ചായത്തുകരം പിരിവു നടപ്പിൽ വരുത്താനുള്ള ചുമതല പ്രസിഡൻറിനല്ലെ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പ്രസിഡൻറിനാണ്.

ശ്രീ. പി. കെ. ചാത്തൻ : ഹട്സ് (ചെറുകുടിലുകളെ) വീട്ടുകരത്തിൽനിന്നും ഒഴിവാക്കണമെന്നുള്ള കല്പന എല്ലാ പഞ്ചായത്തുകൾക്കും അയച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഗസറ്റുമൂലം അറിയിച്ചിട്ടുണ്ട്. അതാതു കാലത്തു പഞ്ചായത്തുകളെ സംബന്ധിച്ച് എടുക്കുന്ന തീരുമാനം ഗസറ്റിൽ കൊടുക്കുന്നുണ്ട്. എല്ലാ പഞ്ചായത്തുകൾക്കും പഞ്ചായത്ത് ഗസറ്റ് ഷീറ്റുകൾ അയച്ചുകൊടുക്കുന്നുണ്ട്.

ശ്രീ. പി. കെ. ചാത്തൻ : പഞ്ചായത്തുകൾ വീട്ടുകരത്തിൽനിന്നും വീടുകളെ ഒഴിവാക്കരുതെന്ന് കല്പനയായി എല്ലാ പഞ്ചായത്തുകൾക്കും ഗവണ്മെൻറിൽനിന്നും സർക്കുലർ അയച്ചിട്ടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കുടിലുകൾ ഒഴിച്ചുള്ള വീടുകൾ ഒഴിവാക്കരുതെന്ന സർക്കുലർ അയച്ചിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ് : ഹട്സ് എന്നുവച്ചാൽ ഏതെല്ലാം ഉൾപ്പെടും?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഓലപ്പുര, ചെറുപ്പുര, കുടിലുകൾ എല്ലാം ഉൾപ്പെടും. അതായതു് പന്ത്രണ്ടു രൂപാ ആണ്ടിൽ വാടക കിട്ടാവുന്ന വീടുകൾ, 50 ചതുരശ്രയടിവരെ വിസ്തീർണ്ണമുള്ള വ ഇതെല്ലാം ഹട്സ് എന്ന ഇനത്തിൽപ്പെടും.

ശ്രീ. പി. എസ്സ്. നടരാജപിള്ള : അക്ടോബർ മാസത്തെ നോട്ടിഫിക്കേഷനിൽ ഡിഫൈൻ ചെയ്തിട്ടുണ്ടല്ലൊ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ടു്.

ശ്രീ. കെ. എ. ബാലൻ : വീട്ടുകരം കൊടുക്കേണ്ടതാരാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ : വീട്ടിൽ താമസിക്കുന്നവർ കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ബാലൻ : കൂലിച്ചാത്തു് എഴുതിക്കൊടുത്തു് താമസിക്കുന്നവരാണെങ്കിലോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : വീട്ടിന്റെ ഉടമസ്ഥൻ കൊടുക്കണം.

ശ്രീ. കെ. എ. ബാലൻ : ഇതിനു വിപരീതമായി പഞ്ചായത്തുകാരും കരം പിരിക്കുന്നതായി കണ്ടാൽ വേണ്ട നടപടി നടത്തുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : നിശ്ചയിച്ചിട്ടുള്ള കരത്തിൽ കൂടുതൽ പിരിക്കുന്നതായി ബോദ്ധ്യപ്പെട്ടാൽ നടപടി എടുക്കുന്നതാണു്.

ഇ. ഭാസ്കരൻ കമ്മിറ്റിയുടെ റിപ്പോർട്ടു്.

* 484. (16) ശ്രീ. കുട്ടപ്പൻ കോയിക്കൽ : തഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1948-നു ശേഷം അന്നത്തെ അസംബ്ലി മെംബറായിരുന്ന ശ്രീ. ഇ. ഭാസ്കരൻ കൺവീനറായി നിയമിക്കപ്പെട്ട പിന്നാക്കസമുദായോദ്ധാരണ പരിഷ്കരണകമ്മിറ്റിയുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള ഏതെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടു്;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ ഒരു കാപ്പി മേശപ്പുറത്തു വയ്ക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ശ്രീ. ഇ. ഭാസ്കരൻ കൺവീനറായി നിയമിക്കപ്പെട്ട എൻ കയ്യറി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ കാര്യങ്ങളുടെ ലിസ്റ്റു് *മേശപ്പുറത്തു വച്ചിരിക്കുന്നു.

(ബി) മേശപ്പുറത്തു വച്ചിരിക്കുന്നു.*

ശ്രീ. കെ. സി. ജോർജ്ജു് : സർ. കഴിഞ്ഞ അസംബ്ലിയിൽ, ചോദ്യങ്ങൾക്കു് ഉത്തരം മേശപ്പുറത്തു വയ്ക്കുന്നതിനെപ്പറ്റി ഞാൻ സംസാരിക്കയുണ്ടായി, അതിനു് എന്തെങ്കിലും പരിഹാരം ഉണ്ടാക്കാമെന്നു അന്നു മുഖ്യമന്ത്രി പറഞ്ഞു, മേശപ്പുറത്തു വയ്ക്കുന്ന ഉത്തരങ്ങൾ എന്താണെന്നു മനസ്സിലാക്കി ഉപചോദ്യങ്ങൾ ചോദിക്കുന്നതിനു അതിന്റെ കാപ്പി ഞങ്ങൾക്കു കൂടി മുൻകൂട്ടി ലഭിക്കുന്നതിനു എന്തെങ്കിലും ഏർപ്പാടു ചെയ്യണമെന്നു എനിക്കു് ഒരു അപേക്ഷ ഉണ്ടു്.

Mr. SPEAKER : I shall look into it.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : ഈ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ചു ചില സ്ഥാപനങ്ങൾക്കു ഗ്രാന്റു് കൊടുക്കുകയും, മറ്റു ചില സ്ഥാപനങ്ങൾക്കു ഗ്രാന്റു് കൊടുക്കാതിരിക്കുകയും ചെയ്തിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ചില സ്ഥാപനങ്ങൾക്കു് ഗ്രാന്റു് കൊടുത്തിട്ടില്ല. കമ്മിറ്റിയുടെ ശുപാർശയ്ക്കു മേൽ ആ സ്ഥാപനങ്ങളെപ്പറ്റി ശരിയായി അന്വേഷിച്ചു ഗവണ്മെന്റിനു തൃപ്തികരമായി തോന്നിയാൽമാത്രമേ

* Please See Appendices I & II.

LIBRARY ARCHIVES Kerala Legislative Assembly